"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – സംസ്ഥാനത്ത് ആസന്നമായ ചുഴലിക്കാറ്റിന്റെ ആഘാതം തടയുന്നതിന് ദുരന്തനിവാരണ ഏകോപന പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**G.O.(Rt) No.2256/2020/LSGD** തീയതി,തിരുവനന്തപുരം, 02/12/2020

**ഉത്തരവ്**

സംസ്ഥാനത്ത് ആസന്നമായ ചുഴലിക്കാറ്റിന്റെ ആഘാതം തടയുന്നതിന് ദുരന്തനിവാരണ ഏകോപന പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിന് ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും ലഭിക്കുന്ന ജാഗ്രത മുന്നറിയിപ്പുകളും, അടിയന്തര സന്ദേശങ്ങളും തദ്ദേശസ്വയംഭരണ വകുപ്പ് സംസ്ഥാനതല/ ജില്ലാതല നോഡൽ ഓഫീസർമാർ തൽസമയം തന്നെ വീഴ്ച കൂടാതെ ജില്ലാതല/ പ്രാദേശികതല ഓഫീസുകളിലേക്കും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും നിയമാനുസരണം കൈമാറേണ്ടതാണ്.

2. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും, റീജിയണൽ ജോയിന്റ് ഡയറക്ടർമാരും, സംസ്ഥാന/ജില്ല ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നുള്ള ബുള്ളറ്റിനുകൾ പരിശോധിച്ച് ലഭിക്കുന്ന ജാഗ്രതാ മുന്നറിയിപ്പുകളും, തുടർച്ചയായ അടിയന്തര സന്ദേശങ്ങളും, പുതുക്കിയ അറിയിപ്പുകളും, ആസന്നമായ ചുഴലിക്കാറ്റിന്റെ സ്ഥാനം, ദിശ എന്നിവ വിശദമാക്കികൊണ്ട് പുതുതായി ഉൾപ്പെടുത്തുന്ന പ്രദേശങ്ങൾ സംബന്ധിച്ച് ആവശ്യമായ മുന്നൊരുക്ക പ്രവർത്തനങ്ങൾക്കായി അതാതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തൽസമയം കൈമാറേണ്ടതാണ്.

3. ആസന്നമായ ചുഴലിക്കാറ്റിന്റെ ആഘാതം തടയുന്നതിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികൾ ദുരന്തനിവാരണ ഓറഞ്ച് പുസ്തകം വിശദമായി ഹൃദിസ്ഥമാക്കേണ്ടതാണ്.

4. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ് സൈറ്റിൽ ഓറഞ്ച് പുസ്തകം ലഭ്യമാണ്. പഞ്ചായത്ത് ഡയറക്ടറും, നഗരകാര്യ ഡയറക്ടറും K.S.D.M.A വെബ് സൈറ്റിലെ ഓറഞ്ച് പുസ്തകത്തിന്റെ ലിങ്ക് ഇത് സംബന്ധിച്ച് സംശയ ദൂരീകരണത്തിന് ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ സഹിതം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ലഭ്യമാക്കേണ്ടതാണ്.

5. മത്സ്യ ബന്ധന നിരോധനം നിലവിലുണ്ടെങ്കിലും മത്സ്യബന്ധനം നടത്തുന്നവർ കടലിൽ

ഉണ്ടാകാം എന്ന സാഹചര്യത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഫിഷറീസ് വകുപ്പുമായി ചേർന്ന് പ്രാദേശിക ജനങ്ങളുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള മീൻപിടുത്തക്കാരുടെ വിവരങ്ങൾ അടിയന്തരമായി ശേഖരിച്ച് ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾക്ക് കൈമാറേണ്ടതാണ്. ഇത്തരത്തിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ ബന്ധപ്പെടാൻ കഴിയുമെങ്കിൽ അതിന് മുന്തിയ പരിഗണന നൽകി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. ചുഴലിക്കാറ്റ് ഉണ്ടായാൽ ഉറപ്പില്ലാത്ത കെട്ടിടങ്ങളുടെ മേൽക്കൂരകൾ ഊർന്ന് പോകുന്നതിനും, പരസ്യബോർഡുകളും, ഹോർഡിങ്ങുകളും നിലംപതിക്കുവാനും, വൈദ്യുത തൂണുകൾവീണ് ഭൂമിയിലേക്ക വൈദ്യുതി പ്രവഹിക്കാനും, മനുഷ്യരിലേക്കും, മറ്റു ആസ്തികളിലേക്കും, വൃക്ഷങ്ങളും, അവയുടെ ശിഖരങ്ങളും, കടപുഴകി വീഴുന്നതിനും, ഇത്തരത്തിൽ അത്യാഹിതങ്ങൾ ഉണ്ടാകാൻ സാധ്യതയുമുള്ളതിനാൽ ഇത് സംബന്ധിച്ച മുന്നറിയിപ്പുകൾ യുദ്ധകാലാടിസ്ഥാനത്തിൽ ജനങ്ങളിലേക്ക് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും എത്തിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അടിയന്തര നടപടികൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

(i) ശക്തമായ കാറ്റിനും മഴയ്ക്കും സാധ്യതയുള്ളതിനാൽ ദുർബലമായ മേൽക്കൂരയോട് കൂടിയതും, അപകടകരമായ അവസ്ഥയിലുള്ളതും, വെള്ളപ്പൊക്കത്തിന്റെ ആഘാതം ഉണ്ടാകാൻ സാധ്യതയുള്ളതുമായ വീടുകളെ അടിയന്തിരമായി പട്ടികപ്പെടുത്തി പ്രസ്തുത വീടുകളിൽ താമസിക്കുന്നവരെ മുൻകരുതൽ നടപടിയെന്നോണം സുരക്ഷിതമായി മാറ്റിപ്പാർപ്പിക്കേണ്ടതാണ്.

(ii) അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകളും, ഹോർഡിങ്ങുകളും അടിയന്തരമായി എടുത്തുമാറ്റേണ്ടതും, നിയമാനുസൃതം സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി അവ സ്ഥാപിച്ചിട്ടുള്ള തൂണുകളും, പലകകളും ബലപ്പെടുത്തേണ്ടതും; ആയത് നിലം പതിക്കുന്ന സാഹചര്യമുണ്ടായാൽ സമീപത്തെ വീടുകൾക്കും, മറ്റ് ആസ്തികൾക്കും ദോഷകരമാകില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

(iii) അപകടകരമായ രീതിയിൽ നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ, ലൈനുകൾ എന്നിവ സംബന്ധിച്ച വിവരശേഖരണം നടത്തി ആയത് ബലപ്പെടുത്തുന്നതിനായി വൈദ്യുതി ബോഡിന്റെയും, ദ്രുതകർമസേനയുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

(iv) ശക്തമായ കാറ്റുണ്ടായാൽ നിലം പതിക്കാൻ സാധ്യതയുള്ള വൃക്ഷങ്ങളുടെ ശിഖരങ്ങൾ അടിയന്തിരമായി മുറിച്ച് ഒതുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ദുരന്തനിവാരണ നിയമപ്രകാരമുള്ള കമ്മറ്റി യുദ്ധകാലടിസ്ഥാനത്തിൽ യോഗം ചേർന്ന് തുടർ നപടികൾ സ്വീകരിക്കേണ്ടതാണ്. അടിയന്തര സാഹചര്യത്തിൽ അപകടകരമായ വൃക്ഷങ്ങൾ മുറിച്ചു മാറ്റേണ്ടി വന്നാൽ ആയത് തദ്ദേശസ്വയംഭരണ സ്ഥാപന തല ട്രീ കമ്മറ്റിയുടെ അനുമതിയുടെ അടിസ്ഥാനത്തിൽ ആയിരിക്കേണ്ടതാണ്.

7. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽവരുന്ന അപകടസാധ്യതയുള്ള വാസസ്ഥലങ്ങളും, വൃക്ഷങ്ങളും, പരസ്യബോർഡുകളും, വൈദ്യുത തൂണുകളും പ്രാദേശികമായി കണ്ടെത്തി ബന്ധപ്പെട്ടവരെ മുൻകൂട്ടി അറിയിക്കുന്നതിന് കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ സഹായം

തേടാവുന്നതാണ്.

8. അടിയന്തര സാഹചര്യ പ്രതികരണ ടീമുകളെയും, സന്നദ്ധ പ്രവർത്തകരെയും (സന്നദ്ധ സേന) ഏതൊരു അടിയന്തര സാഹചര്യവും നേരിടുന്നതിൻവേണ്ടി സജ്ജമാക്കി നിർത്തേണ്ടതാണ്. അടിയന്തിര സാഹചര്യമുണ്ടായാൽ ദുർബലമായ വീടുകളും, രക്ഷാപ്രവർത്തനം വേണ്ടിവരുന്ന സ്ഥലങ്ങളും, പ്രദേശങ്ങളും കണ്ടെത്തുന്നതിനും, അത്തരം പ്രദേശങ്ങളിൽ ഒറ്റപ്പെട്ടു പോകുന്നവരെ കണ്ടെത്തുന്നതിനും, രക്ഷിക്കുന്നതിനും, ആവശ്യമായ പ്രവർത്തനങ്ങൾ ദ്രുത കർമ്മ സേനയുമായി(Incident commanders) സഹകരിച്ച് നടത്തുന്നതിനാവശ്യമായ മുന്നറിയിപ്പുകൾ അടിയന്തര പ്രതികരണ ടീമുകൾക്ക്(Emergency response team) നൽകേണ്ടതാണ്.

9. അടിയന്തിര സാഹചര്യം ഉണ്ടായാൽ ഉപയോഗിക്കുന്നതിന് തദ്ദേശസ്ഥാപനതല ദുരന്ത നിവാരണ പദ്ധതി പ്രകാരമുള്ള സന്നദ്ധ സേവകരെ സജ്ജമാക്കേണ്ടതും, താഴെപ്പറയുന്ന സാധനസാമഗ്രികൾ മുൻകൂട്ടി ഒരുക്കി വയ്ക്കേണ്ടതുമാണ്.

(i) ഇലക്ട്രിക് കട്ടറുകൾ, മരം വെട്ടി, കയർ മുതലായവ

(ii) ഇലക്ട്രിക് ജനറേറ്ററുകൾ, റാന്തലുകൾ(Emergency Lamps)

(iii) ഇടത്തരം ജെസിബി കൾ(small earth movers)

10. കോവിഡ് 19 രോഗപ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള ദുരിതാശ്വാസക്യാമ്പുകൾ എല്ലാ ക്രമീകരണങ്ങളോടും കൂടി സജ്ജീകരിക്കേണ്ടതാണ്.

11. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തിയിൽ കണ്ടെത്തി സ്ഥാപിച്ചിട്ടുള്ള ദുരിതാശ്വാസ ക്യാമ്പുകളിൽ ആവശ്യമായ വെള്ളം, വൈദ്യുതി, ടോയ്‌ലറ്റ് സംവിധാനങ്ങൾ മുതലായവ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം സജ്ജീകരിക്കേണ്ടതാണ്.

12. ദുരിതാശ്വാസ ക്യാമ്പുകളിൽ ആവശ്യമായ ഭക്ഷണ വിതരണ സംവിധാനങ്ങൾ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ആവശ്യപ്രകാരവും മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പാട് ചെയ്യേണ്ടതാണ്. ക്യാമ്പുകളുടെ നടത്തിപ്പിനാവശ്യമായ ഏകോപനവും സഹായവും ദുരന്ത നിവാരണ അതോറിറ്റികൾക്കു നൽകേണ്ടതാണ്.

13. ചുഴലിക്കാറ്റിന്റെ ആഘാതം ഉണ്ടാകാൻ സാധ്യതയുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ സജ്ജീകരിക്കേണ്ടതും, പൊതുജനങ്ങൾക്ക് അടിയന്തര സാഹചര്യത്തിൽ കൺട്രോൾ റൂമുമായി ബന്ധപ്പെടാനുള്ള ടെലഫോൺ/മൊബൈൽ/ ഇമെയിൽ വിലാസം മുതലായവ പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെയും, നോട്ടീസുകളിലൂടെയും പരസ്യപ്പെടുത്തേണ്ടതുമാണ്. തദ്ദേശ സ്ഥാപന തലത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ നടത്തുന്ന ടീമുകളുടെയും, പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ റവന്യൂ വകുപ്പ്, കെ.എസ്.ഇ.ബി, പി.ഡബ്ല്യൂ.ഡി, ഫയർ ആൻഡ് റെസ്ക്യൂ എന്നിവർക്കും, ദുരന്തനിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്കും, ദുരന്തനിവാരണ ഏകോപന പ്രവർത്തനങ്ങൾക്കായി കൈമാറേണ്ടതും, മേൽ വകുപ്പുകളുടെയും, സ്ഥാപനങ്ങളുടെയും,

വിശദാംശങ്ങൾ തദ്ദേശസ്ഥാപന തല ദുരന്ത നിവാരണ ടീം പ്രവർത്തന ഏകോപനത്തിനായി സൂക്ഷിക്കേണ്ടതുമാണ്.

14. പ്രകൃതിക്ഷോഭങ്ങളുടെ ഭാഗമായി ആസ്തികൾക്ക് ഏതെങ്കിലും തരത്തിലുള്ള നാശനഷ്ടങ്ങൾ ഉണ്ടാകുന്ന സാഹചര്യമുണ്ടായാൽ ആയത് റവന്യൂ പോർട്ടലിലേക്ക് രേഖപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്ഥാപന തല ഓവർസിയർ/എൻജിനീയർ നിലവിലുള്ള സർക്കാർ മാർഗ്ഗനിർദേശങ്ങൾ പാലിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സാമൂഹിക ആസ്തികൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ വളരെ ശ്രദ്ധയോടും, പൂർണ്ണമായും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഡോക്യുമെൻറ് ചെയ്യേണ്ടതാണ്. ഇത്തരത്തിൽ ഡോക്യുമെൻറ് ചെയ്താൽ മാത്രമേ വളരെ വേഗം നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തുവാനും, നഷ്ടപരിഹാരം അനുവദിക്കാനും കഴിയുകയുള്ളൂ.

15. ഈ മാർഗ്ഗനിർദ്ദേശങ്ങളെ അതിലംഘിച്ചോ, അധികമായോ സംസ്ഥാനതല/ജില്ലാതല ദുരന്തനിവാരണ അതോറിറ്റി നൽകുന്ന നിർദ്ദേശങ്ങൾ നിലനിൽക്കുന്നതും ആയതു പൊതുജനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പാലിക്കേണ്ടതുമാണ്.

16. ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി തദ്ദേശ സർക്കാരുകൾ ചെലവ് ചെയ്യുന്ന തുക പ്രത്യേകം അക്കൗണ്ട് ചെയ്യേണ്ടതും ആയതിന്റെ വരവുചെലവ് വിവരങ്ങൾ സൂക്ഷിക്കേണ്ടതുമാണ്.

17. ദുരന്തനിവാരണ ഏകോപന പ്രവർത്തനങ്ങൾക്ക് അനിവാര്യമായി വരുന്നതും സർക്കാരിന്റെ/ദുരന്തനിവാരണ അതോറിറ്റിയുടെ പ്രത്യേക അനുമതി ആവശ്യമുള്ളതുമായ സംഗതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എത്രയും വേഗം സർക്കാരിന്റെ/ ദുരന്തനിവാരണ അതോറിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

ദുരന്തനിവാരണ വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Damuyathi

സെക്ഷൻ ഓഫീസർ